# രണ്ടാം പാദവാർഷിക മൂല്യനിർണ്ണയം 2011-2012

STD X

Max score: 40
Time: 1½ hr.

## കോട്ടയം

## മലയാളം (കേരള പാഠാവലി)

നിർദ്ദേശങ്ങൾ

- എല്ലാ ചോദ്യങ്ങൾക്കും ഉത്തരം എഴുതണം.
- ചോദ്യങ്ങൾക്കൊപ്പം തന്നിരിക്കുന്ന നിർദ്ദേശങ്ങൾ ശ്രദ്ധാപൂർവം വായിക്കണം.
- സ്കോറും സമയവും പരിഗണിച്ച് ഉത്തരം എഴുതണം.

1. "കൊല്ലാതെ കൊല്ലാഞ്ഞതെന്തവൻ തന്നെ നീ
കൊല്ലിക്കയത്രേ നിനക്കു രസമെടോ".

ഈ വരികളിൽ തെളിയുന്ന ഗാന്ധാരിയുടെ മാനസികാവസ്ഥ കണ്ടെത്തി എഴുതുക.

*(സ്കോർ 2)*

2. ഉതുപ്പാന്റെ കിണർ നികത്തണം.
ഉതുപ്പാന്റെ കിണറും നികത്തണം.

– രണ്ടാമത്തെ വാക്യത്തിൽ ഉം ചേർത്തപ്പോഴുള്ള അർത്ഥവ്യത്യാസം കുറിക്കുക.

*(സ്കോർ 2)*

3. "ഒരു സ്ത്രീ അമ്മയാകുമ്പോൾ ലോകത്തിന്റെ മുഴുവൻ അമ്മയാവുകയാണ്".

– ഗാന്ധാരിവിലാപത്തെ അടിസ്ഥാനമാക്കി ഈ പ്രസ്താവനയുടെ പൊരുൾ വിശദീകരിക്കുക.

*(സ്കോർ 4)*

4. 'പട്ടണമോടിക്കിതച്ചെന്റെ വാതിലിൽ വന്നുമുട്ടി.'
'ജീപ്പിൽ നിന്നിറങ്ങുന്നു നഗരം വീണ്ടും.' – അടുത്തൂൺ

– കവിതയിലെ ഈ പ്രയോഗങ്ങൾ നഗരജീവിതത്തെ എങ്ങനെയെല്ലാം ധ്വനിപ്പിക്കുന്നു?

*(സ്കോർ 4)*

5. താഴെ കൊടുത്തിരിക്കുന്ന സൂചനകൾ പ്രയോജനപ്പെടുത്തി ഉതുപ്പാൻ എന്ന കഥാപാത്രത്തെ നിരൂപണം ചെയ്യുക.

- അവൻ കഴിയുംമട്ടിൽ പണിയെടുക്കും.
- അവന്റെ ജീവിതാവശ്യങ്ങൾ ലഘുവാണ്.
- അവൻ ഹൃദയശുദ്ധിയുള്ളവനാണ്
- അവൻ പരോപകാരിയാണ്

*(സ്കോർ 6)*

6. പ്രകാശപൂർണമായ വീക്ഷണമാണ് ജീവിതത്തെ കൂടുതൽ ആസ്വാദ്യകരമാക്കുന്നത്.

- ഈ പ്രസ്താവനയുടെ അടിസ്ഥാനത്തിൽ മാധവിക്കുട്ടിയുടെ 'കടലിന്റെ വക്കത്ത് ഒരു വീട്' എന്ന കഥ വിശകലനം ചെയ്ത് കുറിപ്പ് തയാറാക്കുക. *(സ്കോർ 6)*

7. ഒരു ദിവസം സ്ഥലത്തുള്ള പോലീസ് സ്റ്റേഷനിൽ നിന്നും മൂന്നു വലിയ ഇരുമ്പു പെട്ടികൾ ഏറ്റുവാങ്ങാനുള്ള നോട്ടീസ് കിട്ടി. അതു നിറയെ ഉയർന്നതരം പട്ടാള ഉദ്യോഗസ്ഥന്റെ ഉടുപ്പുകളായിരുന്നു. ഒരു പെട്ടിയിൽ അവൾ അയാളുടെ കഴുത്തിലിട്ട വിവാഹമാല്യം ഉണ്ടായിരുന്നു. അത് ഉണങ്ങിക്കരിഞ്ഞുപോയി. നാണി അകാരണമായി നടുങ്ങി.

- തീവ്രമായ യുദ്ധാനുഭവത്തെ ആവിഷ്ക്കരിക്കാൻ തകഴി ഉപയോഗപ്പെടുത്തിയ രീതി പരിശോധിക്കുക. *(സ്കോർ 4)*

8. "എത്രയും ബാലയായ് മേവിനോരുത്തര
ചിത്തമുഴന്നലറുന്നതു കാൺക നീ
സുന്ദരിയായ സുഭദ്രയും ഭൂമിയിൽ
ക്രന്ദനം ചെയ്തുരുളുന്നതു കാൺക നീ
അല്ലൽ പൂണ്ടിങ്ങനെ ഞങ്ങൾ കേഴുന്നതി-
ല്ലില്ലയോ ഖേദം ചെറുതുനിൻമാനസേ?". - ശ്രീമഹാഭാരതം കിളിപ്പാട്ട്- എഴുത്തച്ഛൻ

"ഇവിടെ ഞങ്ങൾ (പാണ്ഡവർ) ക്ഷത്രിയർക്കു പ്രാപിക്കാവുന്ന പരമോന്നത പദവിയിൽ എത്തിയിരിക്കുന്നു; അതിലെത്തുവാൻ വേണ്ടി ഞങ്ങൾ ചെയ്ത 'വീരകർമ'ങ്ങളുടെ ഫലമാണ് ഇന്ന് ഈ സഹോദരി കേവലം അനാഥയായി വെറും പിച്ചക്കാരിയെപ്പോലെ തന്റെ മുന്നിൽവന്നുകേഴുന്നത്"

- ഭാരതപര്യടനം -കുട്ടിക്കൃഷ്ണമാരാർ

- മുകളിൽ കൊടുത്തിരിക്കുന്ന ഭാഗങ്ങൾ വിശകലനം ചെയ്ത് യുദ്ധം ബാക്കി വയ്ക്കുന്ന ദുരന്തങ്ങളിൽ ഏറിയപങ്കും അനുഭവിക്കേണ്ടിവരുന്നത് സ്ത്രീകളും കുട്ടികളുമാണ് എന്ന പ്രസ്താവനയോടുള്ള പ്രതികരണം യുക്തിപൂർവം സമർഥിക്കുക. *(സ്കോർ 6)*

``9. 'മനുഷ്യബന്ധങ്ങളാണ് ജീവിതത്തിന്റെ നിലനിൽപിനാധാരം. ധനമോഹം സ്വാർത്ഥതാൽപര്യം എന്നിവ ഈ ബന്ധങ്ങളെ ശിഥിലമാക്കുന്നു.'

- സമകാലികസാഹചര്യങ്ങൾ കൂടി പരിഗണിച്ച് മനുഷ്യബന്ധങ്ങളുടെ പ്രാധാന്യം വെളിപ്പെടുത്തുന്ന ഉപന്യാസം തയാറാക്കുക. *(സ്കോർ 6)*